# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4122 — 20-03-2018 ലെ മറുപടിയ്ക്ക്

## ഏഴിക്കര ഗ്രാമപഞ്ചായത്തിലെ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ആർ.സുനിൽ കുമാർ :** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2015 ജനുവരി 1 മുതൽ 2018 ഫെബ്രുവരി 28 വരെ പുതിയ വീട്ട് നമ്പർ അനുവദിച്ച് കിട്ടുന്നതിനായി ലഭിച്ച അപേക്ഷകൾ എത്രയെന്നും ആയതിൽ എത്ര വീടുകൾക്ക് നമ്പർ അനുവദിച്ച് കിട്ടിയെന്നും അറിയിക്കുമോ; | (എ) എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2015 ജനുവരി 1 മുതൽ 2018 ഫെബ്രുവരി 28 വരെ വീട്ട് നമ്പർ അനുവദിച്ച് കിട്ടുന്നതിനായി 459 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 355 വീടുകൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ ഗ്രാമപഞ്ചായത്തിൽ നിന്നും CRZ ക്ലിയറൻസിനായി പ്രസ്തുത കാലയളവിൽ അയച്ച അപേക്ഷകൾ എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും, വ്യക്തമാക്കാമോ ; | (ബി) ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസ്തുത കാലയളവിൽ 131 അപേക്ഷകൾ സി.ആർ.ഇസഡ്. ക്ലിയറൻസിനായി അയച്ചിട്ടുണ്ട്. ഇതിൽ 75 അപേക്ഷകൾക്ക് ക്ലിയറൻസ് ലഭിച്ചു. 10 അപേക്ഷകൾ നിരസിച്ചു. 46 അപേക്ഷകൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പരിഗണനയിലാണ്. |
| (സി) പ്രസ്തുത പഞ്ചായത്തുവക ശ്മശാനം നിർമ്മിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) ഏഴിക്കര ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡ് പുളിങ്ങനാട്-ൽ, പഞ്ചായത്ത് വക സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കായി ശ്മശാനം സ്ഥാപിക്കുന്നതിന് (ഗ്യാസ് ക്രിമറ്റോറിയം) പ്രൊജക്ട് ഏറ്റെടുത്തിട്ടുള്ളതും നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡിനെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 18.9.2017 ലെ എ 3-5679/17 |

നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതും ടി സ്ഥലത്ത് ശ്മശാനം നിർമ്മിക്കുന്നതിന് ആക്ഷേപങ്ങളോ തർക്കങ്ങളോ ഉള്ളവർ ആയത് രേഖാമൂലം സമർപ്പിക്കുന്നതിന് 01.03.2018-ൽ പത്രപരസ്യം നൽകിയിട്ടുള്ളതുമാണ്. ടി സ്ഥലത്ത് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള എൻ.ഒ.സി. ലഭ്യമാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് അപേക്ഷിച്ചിട്ടുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടതു പ്രകാരം ടെക്നിക്കൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കോസ്റ്റ് ഫോർഡിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ